# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3680

19.02.2013-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്കുള്ള കടാശ്വാസം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിന് ആലപ്പുഴ ജില്ലയിൽ ഏതെല്ലാം സഹകരണ ബാങ്കുകൾക്കായി എത്ര തുക അനുവദിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആലപ്പുഴ ജില്ലയിലെ 123 സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്കായി 12,17,13,457/- രൂപ സഹകരണ വകുപ്പ് രജിസ്ട്രാർ മുഖാന്തിരം അനുവദിച്ചു നൽകിയിട്ടുണ്ട്. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആലപ്പുഴയിൽ എത്ര സിറ്റിംഗ് നടത്തി; അതുവഴി എത്ര പരാതികൾക്ക് പരിഹാരം കാണാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ? | (ബി) 14 സിറ്റിംഗുകൾ നടത്തി. 14 സിറ്റിംഗുകളിൽ 4789 പേരെ നേരിൽ കേൾക്കുകയും അതിൽ 1549 പേർക്ക് കടാശ്വാസം ശുപാർശ ചെയ്യുകയും ചെയ്തു. മറ്റുള്ളവരുടെ കാര്യത്തിൽ കൂടുതൽ പരിശോധനകളും രേഖകളും ആവശ്യമായതിനാൽ കടാശ്വാസ അർഹത നിശ്ചയിക്കുന്ന നടപടി കമ്മീഷൻ തുടർന്നുവരുന്നു. |

സെക്ഷൻ ഓഫീസർ